# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

## വാർത്താക്കുറിപ്പ്

## രാജ്യാന്തര സെമിനാർ സെപ്തംബർ 13 മുതൽ 15 വരെ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ യൂണിറ്റ് ഓഫ് മാക്രോ മോളിക്യുലാർ സൈൻസും സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസും തൃശൂർ പദ്മ ഹെർബൽസും സംയുക്തമായി നടത്തുന്ന രാജ്യാന്തര സെമിനാർ സെപ്തംബർ 13 മുതൽ 15 വരെ മാന്നാനം ജോയീസ് ഇന്നിൽ നടക്കും.

ന്യൂട്രാസ്യൂട്ടിക്കൽ, ഹെർബൽസ് സപ്ലിമെന്റ്സ് ആന്റ് നാനോ ഫോർമുലേഷൻസ് എന്ന വിഷയത്തിലാണ് സെമിനാർ. പ്രശസ്ത ഫിസിഷ്യനും ഗവേഷകനുമായ ഡോ. ഷാജി വർഗീസ് കുടിയത്ത് ഉദ്ഘാടനം നിർവഹിക്കും. ക്ലിനിക്കൽ മെഡിസിൻ, ഡയബറ്റിക്സ്, കൊറോണറി ആർട്ടറി ഡിസീസ്, ഫ്ളൂറോസിസ്, പ്ലാന്റ് മെഡിസിൻ, ഡി.എൻ.എ. സെൻസിംഗ്, സാൽമൊണെല്ല ഇൻഫെക്ഷൻ, പാർക്കിൻസൺസ് ഡിസീസ് എന്നീ വിഷയങ്ങളിൽ പ്രമുഖ ശാസ്ത്രജ്ഞർ പ്രബന്ധം അവതരിപ്പിക്കും. ഡൈനാമിക് ടച്ച് തെറാപ്പിയെക്കുറിച്ച് ഡോ. എബ്രഹാം ജോസഫ് പ്രബന്ധം അവതരിപ്പിക്കും. ചികിത്സാരീതികൾ നിർദ്ദേശിക്കും. ഹെർണിയയെക്കുറിച്ച് ഡോ. യൂഗിൻ ഫ്യൂന പ്രബന്ധം അവതരിപ്പിക്കും.

## ഇന്തോ-ജപ്പാൻ സംയുക്ത ശില്പശാല സെപ്തംബർ 13ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസും ജപ്പാനിലെ ടോക്കിയോ സോഫിയ യൂണിവേഴ്സിറ്റി ഗ്രാജ്വേറ്റ് സ്കൂൾ ഓഫ് ഗ്ലോബൽ എൻവയൺമെന്റൽ സയൻസസും സംയുക്തമായി നടത്തുന്ന ഏകദിന ശില്പശാല സെപ്തംബർ 13ന് നടക്കും.

സ്കൂൾ ഓഫ് ബയോസയൻസസിൽ രാവിലെ 9.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. സിൻഡിക്കേറ്റംഗവും സ്കൂൾ ഓഫ് ബയോസയൻസസ് ഡയറക്ടറുമായ ഡോ. കെ. ജയചന്ദ്രൻ അധ്യക്ഷത വഹിക്കും. ഡോ. ജോൺ ജെ. പുത്തൻകളം, ഡോ. ജി.ജെ. റേ, ഡോ. കെ. ഇന്ദുലേഖ, ഡോ. ഇ.കെ. രാധാകൃഷ്ണൻ എന്നിവർ പങ്കെടുക്കും.

ജപ്പാനിലെ സോഫിയ സർവകലാശാലയുമായി ചേർന്ന് മഹാത്മാ ഗാന്ധി സർവകലാശാല നടത്തുന്ന സംയുക്ത ഗവേഷണ പദ്ധതികളുടെ ഭാഗമായാണ് ശില്പശാല സംഘടിപ്പിച്ചിരിക്കുന്നത്. ഇരു രാജ്യങ്ങളിലെയും ഗവേഷകർക്ക് പരസ്പരം സംവദിക്കാനും ഗവേഷണ വിഷയങ്ങൾ ചർച്ച ചെയ്യാനുമുള്ള വേദിയാകും ശില്പശാല.

## International Workshop and Conference on Nutraceuticals, Herbals Supplements and Nano Formulations (ICNH-2019) on 13-15 September, 2019 Kottayam, Kerala, India

P.D.Hills: A three day International conference on Nutraceuticals, Herbals Supplements and Nano Formulations (ICNH-2019) on 13-15 September, 2019 Kottayam, Kerala, India is to be held by Mahatma Gandhi University, Kottayam ,Kerala, India. This conference is organized by International Unit of Macromolecular Science Mahatma Gandhi University, and School of Energy

Materials, Mahatma Gandhi University along with Padma Herbals Private Limited, Koratty, Thrissur. The venue of the conference is at Joyees Inn Mannanam. Special sessions on clinical medicine, diabetes, coronary artery disease, fluorosis, plant medicine, DNA sensing, asthma, salmonella infection, parkinson's disease, endocarditis, arthritis, cardiovascular health, cancer, dengue, touch therapy, modeling/ simulation, which constitute the cutting edge of holistic therapies, will be the highlights of the event. The conference will be inaugurated by Dr. Shaji Varghese Kudiyat, Chief Physician and Researcher, St. George Holistic Health Care Center, India.. The conference will be an ideal platform for researchers to present their work, compare notes, develop new interfaces, bench mark their work, exchange views and widen the scope and range of their research activities through dynamic networking. About 100 participants will participate in ICNH 2019, including about 8 delegates from abroad. The conference will also encompass a session on Dynamic Touch Therapy, a novel holistic approach developed by Dr Abraham Joseph without the intake or application of drugs. A session on Hernia discale is also included by Dr Eugene MFUNA.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ